(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്താണിതിന് കാരണം ;

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 196 ഒഴിവുകൾ ഉണ്ട്.

(ബി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) പ്രസക്തമല്ല.

വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയ പദ്ധതികൾ

16 (1686) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ത്രിതല പഞ്ചായത്തുകൾ മുഖേന വൈദ്യുതി കണക്ഷന് അപേക്ഷ നൽകി പണമടച്ച എത്ര പദ്ധതികൾ ഉണ്ട് ;

(ബി) അവയുടെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റും ഓരോ പദ്ധതിയും അടച്ച തുകയുടെ വിവരവും വിശദമാക്കാമോ ;

(സി) ഈ പദ്ധതികൾക്ക് മുൻഗണനാ ക്രമത്തിൽ അടിയന്തിരമായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 62 പദ്ധതികൾ ഉണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ മേൽപ്പറഞ്ഞ പദ്ധതികൾ ചെയ്തുതീർക്കുന്നതാണ്.

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസം

17 (1687) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലം ഉൾപ്പെടുന്ന വിവിധ വൈദ്യുത സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ ഏത് തീയതിവരെ സീനിയോറിറ്റി ഉള്ള ഗാർഹിക ഉപഭോക്താക്കൾക്കാണ് വൈദ്യുതി കണക്ഷൻ നൽകുവാനുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ ഗാർഹിക ഉപഭോക്താക്കളുടെ കണക്ഷൻ നൽകുവാനുള്ളത് താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

സെക്ഷൻ	ഓവർഹെഡ്	വെതർപ്രൂഫ്
1. നെടുമങ്ങാട്	1/1999 മുതൽ	9/2001 മുതൽ
2. വെള്ളനാട്	2/1999 മുതൽ	8/2001 മുതൽ
3. കന്യാകുളങ്ങര	6/1999 മുതൽ	1/2002 മുതൽ
4. നാലാഞ്ചിറ	17-9-1999 മുതൽ	31-7-2001 മുതൽ
5. പേരൂർക്കട	31-12-2000 മുതൽ	1-1-2002 മുതൽ

(ബി&സി) ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി സാധനസാമഗ്രികൾ കഴിയുന്നത്ര കൂടുതലായി ലഭ്യമാക്കുന്നുണ്ട്.

പാപ്പനംകോട് കെ. എസ്. ഇ. ബി. യിൽ ബില്ലിംഗ് യൂണിറ്റ് ആരംഭിക്കാൻ നടപടി

18 (1688) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉപഭോക്താക്കളുടെ ബാഹുല്യം കണക്കിലെടുത്ത് നേമം നിയോജക മണ്ഡലത്തിലെ പാപ്പനംകോട് കെ.എസ്.ഇ.ബി.യിൽ ബില്ലിംഗ് യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ ബില്ലിംഗ് യൂണിറ്റുകൾ നിലവിലില്ല.

ജലനിരക്ക് വർദ്ധന സംബന്ധിച്ച നിർദ്ദേശങ്ങൾ

19 (1694) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വാണിജ്യമേഖലയ്ക്ക് നൽകുന്ന വെള്ളത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly